**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4694**      **19.05.2017**-ലെ മറുപടിക്ക്

**<u>കോട്ടക്കൽ മണ്ഡലത്തിൽ വികസനത്തിനായി തെരഞ്ഞെടുത്ത കോളനികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും വികസനത്തിനായി രണ്ടു കോളനികളെ പട്ടികജാതി വകുപ്പ് തെരഞ്ഞെടുത്തശേഷം പ്രസ്തുത കോളനികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; | (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നും പൊറ്റേക്കളംപടി, പടിഞ്ഞാറ്റു മുറി ലക്ഷം വീട് എന്നീ പട്ടികജാതിക്കോളനികളെ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുക്കുകയും വികസന പ്രവൃത്തികൾക്കായി ഓരോ കോടി രൂപ വീതം അനുവദിച്ചതിൽ ഒന്നാം ഗഡുവായി 50,00,000/- രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കോളനിയ്ക്കാവശ്യമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തിരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ; | (ബി) | ബന്ധപ്പെട്ട എം.എൽ.എ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റിയാണ് കോളനിയ്ക്കാവശ്യമായ പ്രവൃത്തികൾ കണ്ടെത്തി മുൻഗണനാ ക്രമം തയ്യാറാക്കുന്നത്. ഇതിനായി സർവ്വേകളൊന്നും നടത്താറില്ല. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം കോളനികളിൽ പകൽവീട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; പകൽവീട് പദ്ധതിയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; | (സി) & (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ പകൽവീട് എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. |
| (ഡി) | പകൽവീട് പദ്ധതി പ്രകാരം നൽകിയ വീടുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ